(സി) വയനാട്

2. ഹെർബൽ വില്ലേജ്, ഇടുക്കി

കൂടാതെ ഒരു അസംബ്ലി നിയോജകമണ്ഡലത്തിന് ഒരു വ്യവസായ പാർക്ക് എന്ന സിഡ്കോ വഴി നടപ്പാക്കുന്ന പദ്ധതി പ്രകാരം 38 പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും വിവിധ ഘട്ടങ്ങളിലാണ്.

(ഡി) റെഡിമെയ്ഡ് വ്യവസായം, സോഫ്റ്റ്വെയർ, ഇലക്ട്രോണിക് വ്യവസായങ്ങൾ, റബ്ബർ വ്യവസായങ്ങൾ, കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങൾ, ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, മറൈൻ പ്രോഡക്ടുകൾ, ചെറുകിട വ്യവസായങ്ങൾ, കയർ വ്യവസായങ്ങൾ, ഹെർബൽ പ്രോഡക്ടുകൾ തുടങ്ങിയ വ്യവസായങ്ങൾക്കാണ് കിൻഫ്രാ പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നത്.

(582) വ്യവസായ രംഗത്ത് സമാധാനാന്തരീക്ഷം നിലനിർത്താൻ നടപടി

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യവസായ സമാധാനം ഇല്ലാത്തതാണ് വ്യവസായ വളർച്ചയ്ക്ക് വിഘാതം സൃഷ്ടിക്കുന്നതെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) അക്രമങ്ങളുടെ പേരിൽ വ്യവസായങ്ങൾ കേരളത്തിൽനിന്നും മാറ്റിക്കൊണ്ടുപോകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വ്യവസായരംഗത്ത് സമാധാനം നിലനിർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) അക്രമത്തെത്തുടർന്ന് പാലക്കാട്ടുനിന്നും മാറ്റിക്കൊണ്ടുപോകാൻ ശ്രമിക്കുന്ന ഫെറോ അലോയിഡ് കമ്പനി ഇവിടെത്തന്നെ തുടർന്നും പ്രവർത്തിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)ഇല്ല.

(സി) വ്യവസായരംഗത്ത് സമാധാനം നിലനിർത്താൻ സംസ്ഥാന തൊഴിൽ മേഖലയിൽ തൊഴിൽ തടസ്സങ്ങളുണ്ടായാൽ അവ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പിൽ വിവിധ തലത്തിലുള്ള അനുരഞ്ജന ഉദ്യോഗസ്ഥരുണ്ട്. തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനായി അവർ അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും ചർച്ചയിലൂടെ അവ പരിഹിക്കുവാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. പരിഹരിക്കപ്പെടാൻ കഴിയാത്ത തർക്കങ്ങൾ തൊഴിൽ കോടതിയുടെ തീർപ്പിനു വിടുകയാണ് ചെയ്യുന്നത്. ഇതിനുപുറമേ സംസ്ഥാന തലത്തിൽ വ്യാവസായികാടിസ്ഥാനത്തിലുണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിനായി വിവിധ തൊഴിൽ മേഖലകളിൽ തൊഴി

LIBRARY ARCHIVES Kerala Legislative Assembly

ലാളി-മുതലാളി പ്രതിനിധികളടങ്ങുന്ന വ്യവസായബന്ധസമിതികളും ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നു.

(ഡി) 3/2/2000-ൽ ഒരു അക്രമം ഉണ്ടായതിനെത്തുടർന്ന് കമ്പനി അടച്ചിടുകയും മാനേജ്മെന്റ് പോലീസിൽ പരാതി നൽകിയതിനെ തുടർന്ന് നടത്തിയ ചർച്ചയിൽ പരിസരത്തുള്ള 65 പേരെ ജോലിയിൽ പ്രവേശിപ്പിക്കാമെന്ന് കരാറുണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരാഴ്ചയ്ക്കകം കമ്പനി തുറക്കുന്നതാണെന്ന് മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്.

(588) പുതിയ വ്യവസായ സംരംഭങ്ങൾ

ശ്രീ. എം. മുരളി :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എ.കെ. മണി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം വിദേശ സന്ദർശനം നടത്തിയ ഏതെങ്കിലും മന്ത്രി, സംസ്ഥാനത്ത് ഏതെങ്കിലും വിദേശികളോ വിദേശ കമ്പനികളോ പുതിയ വ്യവസായം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട് എന്നതു സംബന്ധിച്ച് വ്യവസായ വകുപ്പിന് എന്തെങ്കിലും വിവരം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മന്ത്രിമാർ എന്തെല്ലാം വ്യവസായങ്ങൾ ആരംഭിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്;

(സി) ഈ വ്യവസായങ്ങൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികളെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി 13/4/1998 ന് നടത്തിയ വിദേശ യാത്രയിൽ കെയ്റോ, അബുദാബി, മസ്ക്കറ്റ്, 19/10/1998 -ന് നടത്തിയ വിദേശ യാത്രയിൽ കെയ്റോ, അബുദാബി, മസ്ക്കറ്റ്, 19/10/1998 -ന് നടത്തിയ യാത്രയിൽ വിയറ്റ്നാം, 26/11/1999ന് നടത്തിയ യാത്രയിൽ ദുബായ്, അബുദാബി, മസ്ക്കറ്റ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഈ സന്ദർശനത്തിന്റെ ഫലമായി കെ.എസ്.ഐ.ഡി.സി.യുമായി ചേർന്ന് വ്യവസായമാരംഭിക്കുവാൻ താല്പര്യം പ്രകടിപ്പിച്ച് ഏകദേശം 152 കോടി രൂപ മുതൽമുടക്കു പ്രതീക്ഷിക്കുന്ന 6 വ്യവസായ പദ്ധതികൾക്കായി ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട്. ടെക്നോപാർക്കിൽ 2970 ലക്ഷം രൂപയുടെ വിദേശ മൂതൽമുടക്ക് ഉണ്ടായിട്ടുണ്ട്. പുതുതായി 8 പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു. 1999 ഡിസംബറിൽ വ്യവസായ വകുപ്പുമന്ത്രി നടത്തിയ വിദേശയാത്രയുടെ ഫലമായി അഡ്മിനാക്സ് ലിമിറ്റഡ് എന്ന കമ്പനിയുമായി വ്യവസായമാരംഭിക്കാൻ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. 30/6/1996, 7/7/1996, 14/11/1996, 24/11/1996 എന്നീ തീയതികളിൽ മുഖ്യമന്ത്രി ന്യൂയോർക്ക്, ചിക്കാഗോ, ഡല്ലാസ്, ജർമ്മനി, സിറ്റ്സർലന്റ്, യു.എ.ഇ. എന്നീ രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി. 10/6/1997, 22/6/1997, എന്നീ തീയതികളിൽ മുഖ്യമന്ത്രി, വൈദ്യുത മന്ത്രി എന്നിവർ കാനഡ, ചിക്കാഗോ, പാരീസ് എന്നീ രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി. ഈ സന്ദർശനങ്ങളിൽനിന്നും ഉരുത്തിരിഞ്ഞ പദ്ധതികളെ സംബന്ധിച്ച ചർച്ചകൾ പുരോഗമിച്ചുവരുന്നു. ഇൻഡോ ഇറ്റാലിയൻ ഇൻസ്റ്റിറ്റ്യൂട്ട്

LIBRARY ARCHIVES Kerala Legislative Assembly